LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുള്ള്യാകൂർശ്ശി-പാണ്ടിക്കാട് റോഡിന് കി.മീ. 0/000-4/500 വരെ ബി.എം. & ബി.സി. ചെയ്ത് ഉപരിതലം പുതുക്കുന്ന പ്രവൃത്തിക്ക് 2021-22 ബഡ്ജറ്റിൽ 100 ശ്രപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

പൂതപ്പാറ-നീർക്കടവ് റോഡ്

36(646) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ അഴീക്കോട് നിയോജകമണ്ഡലത്തിൽ 2017-18-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പൂതപ്പാറ-നീർക്കടവ് റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് 183 ലക്ഷം ശ്രപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

2017-18-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പൂതപ്പാറ-നീർക്കടവ് റോഡ് പ്രവൃത്തിക്ക് വേണ്ട ടെണ്ടർ നടപടികൾ പൂർത്തിയായിരുന്നെങ്കിലും ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്തതിനെത്തുടർന്ന് ടി കരാറുകാരനെ പ്രവൃത്തിയിൽ നിന്നും റിസ്ക് & കോസ്റ്റിൽ ഉൾപ്പെടുത്തി ഒഴിവാക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തിക്ക് 183.50 ലക്ഷം ശ്രപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

തങ്കളം-കാക്കനാട് നാലുവരിപ്പാത

37(647) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മനയ്ക്കടവിൽ നിന്നാരംഭിച്ച് കോതമംഗലം നിയോജകമണ്ഡലത്തിലെ തങ്കളം ജംഗ്ഷനിൽ എത്തിച്ചേരുന്ന നിർദ്ദിഷ്ട തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

27.324 കി.മീ. ദൈർഘ്യമുള്ള തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് Ch 26/057 മുതൽ Ch 27/324 വരെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. Ch 24/600 മുതൽ Ch 26/057 വരെയുള്ള ഭാഗത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി തഹസിൽദാർക്ക് 20 കോടി ശ്രപ പൊന്നുംവില കൈമാറിയിട്ടുണ്ട്. Ch 20/000 മുതൽ Ch 27/324 വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കിഫ്ബിയിൽ DPR സമർപ്പിച്ചിട്ടുള്ളതാണ്. ബാക്കി ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി DPR സമർപ്പിക്കാനുണ്ട്.